15
2025
ജനുവരി

# ഗിൽഗാൽ വോയ്സ്

യുഎഇ
4 പേജ്
വാല്യം : 6
ലക്കം : 1

Published By : Media Department, Church of God UAE
For Private Circulation Inside the Church Premises Only
Email : gilgalvoice@gmail.com

## ഗിൽഗാൽ ബിബ്ലിക്കൽ സെമിനാരി ബിരുദദാന ചടങ്ങ് ഷാർജയിൽ നടന്നു




ഷാർജ: ഗില്ഗാൽ ബിബ്ലിക്കൽ സെമിനാരിയുടെ പതിനാറാമത് ബിരുദദാന സമ്മേളനം ഡിസംബർ മാസം മൂന്നാം തിയതി 7:30 പി.എം നു ഷാർജ വർഷിപ്പ് സെന്ററിൽ ബിഷപ്പ് ഷാൻ മാത്യുവിന്റെ അധ്യക്ഷതയിൽ നടന്നു. മാർച്ച് പാസ്റ്റോടെ ആരംഭിച്ച ചടങ്ങിൽ സെമിനാരി പ്രിൻസിപ്പാൾ ഡോ. റ്റി. എം. ജോയൽ വിശിഷ്ട അതിഥികളെ സദസിനു പരിചയപ്പെടുത്തി. ഡീൻ ഓഫ് സ്റ്റുഡന്റ്സ് റവ. ഗ്ലാഡ്സൺ വർഗീസ് സെമിനാരിയെപ്പറ്റി ലഘുവിവരണം നൽകിയനന്തരം

2 തിമോ 2:21‘. ഇവയെ വിട്ടകന്നു തന്നെത്താൻ വെടിപ്പാക്കുന്നവൻ വിശുദ്ധവും ഉടമസ്ഥന്നു ഉപയോഗവുമായി നല്ലവേലെക്കു ഒക്കെയും ഒരുങ്ങിയിരിക്കുന്ന മാനപാത്രം ആയിരിക്കും’ എന്ന വാക്യത്തെ ആസ്പദീകരിച്ചു “ദൈവത്തിന് മാനപാത്രം“ എന്ന വിഷയത്തിന്റെ അടിസ്ഥാനത്തിൽ ഡോ . സുശീൽ മാത്യു (സൂപ്രന്റ് ചർച്ച് ഓഫ് ഗോഡ് ജി.സി.സി) മുഖ്യ സന്ദേശം നൽകി.

അക്കാദമിക് ഡീൻ റവ. സുനീഷ് ജോൺസൺ ബിരുദദാരികളെ പരിചയപ്പെടുത്തുകയും, സെമിനാരി പ്രസിഡണ്ട് ഡോ. കെ. ഓ. മാത്യു ബിരുദധാനം നടത്തുകയും ചെയ്തു. രജിസ്ട്രാർ സിസ്. നിഷ നൈനാൻ വ്യക്തിഗത അക്കാദമിക് അവാർഡുകൾ പ്രഖ്യാപിച്ചു. ഗ്രാഡുവേറ്റ് ചെയ്ത വിദ്യാർത്ഥികളെ ഡോ. ഡേവിഡ് പീ കോക്ക് പ്രാർത്ഥിച്ച് അനുഗ്രഹിച്ചു. അസ്സോസിയേറ്റ് റജിസ്ട്രാർ സിസ് എലിസബത്ത് സുനീഷിന്റെ നേതൃത്വത്തിൽ ഗ്രാജുവേഷന് വിപുലമായ ക്രമീകരണങ്ങൾ ആണ് ഒരുക്കിയിരുന്നത്. ഐപിസി ജനറൽ വൈസ് പ്രസിഡന്റ് ഡോ. വിൽസൺ ജോസഫിനെ കൂടാതെ ചർച്ച് ഓഫ് ഗോഡ് സൗദി അറേബ്യ നാഷണൽ ഓവർസിയർ റവ. രാജൻ ശാമുവേൽ, ഖത്തർ നാഷണൽ ഓവർസിയർ റവ. സാം ടി ജോർജ്, ഒമാൻ പ്രതിനിധി റവ. അലക്സാർ ഗീവർഗീസ് എന്നിവർ പങ്കെടുത്ത് ആശംസകൾ അറിയിച്ചു. ഇതര സഭകളിൽ നിന്നുള്ള നിരവധി ദൈവദാസന്മാരുടെ സാന്നിധ്യം ചടങ്ങിലുണ്ടായിരുന്നു. ചർച്ച് യുണൈറ്റഡ് ഗായകസംഘം ആരാധനയ്ക്ക് നേതൃത്വം നൽകി. ഗിൽഗാൾ ബിബ്ലിക്കൽ സെമിനാരിയുടെ അടുത്ത ബാച്ചിലേക്കുള്ള അഡ്മിഷനുകൾ ആരംഭിച്ചു.



## സ്കൂളുകളിലെ പാഠ്യേതര പ്രവർത്തനങ്ങൾക്ക് അഡെക് അനുമതി നിർബന്ധം


അബുദാബി: പാഠ്യേതര പ്രവർത്തനങ്ങൾക്ക് പുതിയ നിയമം നിർബന്ധമാക്കി അബുദാബി വിദ്യാഭ്യാസ, വിജ്ഞാന വകുപ്പ് (അഡെക്). സ്കൂൾ അധികൃതർ നേരിട്ടും ഓൺലൈനായും നടത്തുന്ന പാഠ്യേതര പ്രവർത്തനങ്ങൾക്ക് അഡെക് പ്രത്യേക അനുമതി നിർബന്ധമാക്കി. സ്കൂളിൽ മറ്റേതെങ്കിലും സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്ന പരിപാടികൾക്കും അനുമതി നിർബന്ധമാണ്. ബിരുദദാനവും സർട്ടിഫിക്കറ്റ് വിതരണവും സൗജന്യമായി നടത്തണം.

## അന്തർദ്ദേശീയ സാഹിത്യരചനാ മത്സരത്തിന്റെ ഫലം പ്രഖ്യാപിച്ചു

ഷാർജ്ജ: COG UAE മീഡിയ വിഭാഗം സംഘടിപ്പിച്ച അന്തർദ്ദേശീയ സാഹിത്യ രചനാ മത്സരത്തിന്റെ ഒന്നും രണ്ടും മൂന്നും സ്ഥാനക്കാരെ പ്രഖ്യാപിച്ചു. തത്സമയ ഫലപ്രഖ്യാപനം ചർച്ച് ഓഫ് ഗോഡ് യു.എ.ഇ ദേശീയ അദ്ധ്യക്ഷൻ ഡോ. കെ. ഓ. മാത്യു നിർവ്വഹിച്ചു. മീഡിയാ വിഭാഗം നേതൃത്വം നൽകിയ സാഹിത്യ രചനാ മത്സരത്തിൽ നൂറിൽ അധികം ഉൽകൃഷ്ട കൃതികൾ ലഭിക്കുകയുണ്ടായി. പ്രാതിനിധ്യം അറിയിച്ച എല്ലാ എഴുത്തുകാരോടുമുള്ള കൃതജ്ഞതയെ COG UAE മീഡിയ വിഭാഗം അറിയിച്ചു. കഥകളുടെ മത്സര വിഭാഗത്തിൽ ശ്രീമതി സ്വർഗ്ഗ കുര്യൻ, ശ്രീ: മോൻസി മാത്യു, ശ്രീ. ജെയ്സൺ പൈങ്ങനാൽ എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. ലേഖന വിഭാഗത്തിൽ ശ്രീ. ജെയ്സൺ പൈങ്ങനാൽ ഒന്നാം സ്ഥാനവും, ശ്രീമതി സീന ജോർജ്ജ് രണ്ടാം സ്ഥാനവും ശ്രീമതി പ്രിസ്ക പോൾ മൂന്നാം സ്ഥാനവും നേടി.

കഥ



**സ്വർഗ്ഗ കുര്യൻ**
*കഥ ഒന്നാം സ്ഥാനം*


**മോൻസി മാത്യു**
*കഥ രണ്ടാം സ്ഥാനം*


**ജയ്സൺ പൈങ്ങനാൽ**
*കഥ മൂന്നാം സ്ഥാനം*

ലേഖനം


**ജയ്സൺ പൈങ്ങനാൽ**
*ലേഖനം ഒന്നാം സ്ഥാനം*


**സീന ജോർജ്ജ്**
*ലേഖനം രണ്ടാം സ്ഥാനം*


**പ്രിസ്ക പോൾ**
*ലേഖനം മൂന്നാം സ്ഥാനം*



## ചർച്ച് ഓഫ് ഗോഡ് യുഎഇ സംയുക്ത ആരാധന ഡിസംബർ 2ന് നടന്നു

ഷാർജ: ചർച്ച് ഓഫ് ഗോഡ് യുഎഇ സംയുക്ത ആരാധന ഡിസംബർ 2-ന് ഷാർജ വർഷിപ്പ് സെന്റർ മെയിൻ ഹാളിൽ നടന്നു. ചർച്ച് ഓഫ് ഗോഡ് സഭകളുടെ ഗൾഫ് മിഡിൽ ഈസ്റ്റ് സൂപ്രണ്ടായിരിക്കുന്ന ഡോ. സുശീൽ മാത്യു മുഖ്യാതിഥി ആയിരുന്നു. യുഎഇ ചർച്ച് ഓഫ് ഗോഡ് ദേശീയ അദ്ധ്യക്ഷൻ ഡോ. കെ. ഓ. മാത്യു, നാഷണൽ സെക്രട്ടറി പാസ്റ്റർ കുര്യൻ മാമ്മൻ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

## പ്രശംസാപത്രിക ഏറ്റുവാങ്ങി COG UAE, YPE

ഷാർജ്ജ: സേവനോന്മുഖത്തു കർമ്മനിരതരായ YPE സംഘടിപ്പിച്ച രക്തദാന ക്യാമ്പിന് അബുദാബി സേഹയുടെ (SEHA) പ്രശംസ. COG UAE പുത്രികാ സംഘടനയായ YPE നവംബർ 9 ശനിയാഴ്ച വൈകീട്ട് 4 മുതൽ 9 വരെ അൽ ഐനിൽ നടത്തിയ രക്തദാന ക്യാമ്പിനാണ് അബുദാബി സേഹയുടെ (SEHA) പ്രശംസാപത്രിക ലഭിച്ചത്.

## വിഷൻ 2025: യു.എ. ഇ മെഗാ ക്രൂസേഡ് മാർച്ച്3 മുതൽ

ഷാർജ അഗാപ്പേ എ.ജി ചർച്ചിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വിഷൻ –2025 യുഎഇ മെഗാ ക്രൂസേഡ് മാർച്ച് 3 മുതൽ. നാല് ദിവസം നീണ്ടു നിൽക്കുന്ന ആത്മീയ യോഗത്തിൽ ലോകപ്രശസ്ത ഉണർവ്വ് പ്രഭാഷകൻ ബ്രദർ സുരേഷ് ബാബു (കാട്ടാക്കട), പാസ്റ്റർ പി. സി ചെറിയാൻ (റാന്നി), ബ്രദർ ലോർഡ്സൺ ആന്റണി എന്നിവർ ശുശ്രൂഷകൾ നയിക്കും. ഷാർജ വർഷിപ് സെന്റർ മെയിൻ ഹാളിലാണ് മെഗാ ക്രൂസേഡ്. മാർച്ച് 3 തിങ്കളാഴ്ച വൈകിട്ട് 06:30 മണിയോടെ ശുശ്രൂഷക ൾക്ക് തുടക്കമാകും. ആത്മീയ ആരാധന, അത്ഭുത വിടുതൽ, ആഴമേറിയ തിരുവചന സന്ദേശം എന്നിവ കൊണ്ട് അനുഗ്രഹീതമായ ദിവസങ്ങളാണ് യുഎഇയിലെ വിശ്വാസ സമൂഹത്തെ കാത്തിരിക്കുന്നത്.

അനുഗ്രഹീത സംഗീതജ്ഞൻ ബ്രദർ ലോർഡ്സൺ ആന്റണിയുടെ നേതൃത്വത്തിലാണ് സംഗീതാരാധന. യുഎഇയിലുള്ള വിവിധ സഭകളിലെ സഹോദരി സഹോദരന്മാരെ ഉൾപ്പെടുത്തി രൂപീകരിച്ച കയർ ടീം സംഗീതാരാധനയുടെ ഭാഗമാകും. ആത്മീയ ഉണർവ് പ്രദാനം ചെയ്യുന്ന പുതിയ പാട്ടുകൾ പരിചയപ്പെടുന്നതിനും അവസരങ്ങളൊരുങ്ങും.

യുവാക്കൾക്കും കുട്ടികൾക്കും ആത്മസ്നാനം, കൃപാവരങ്ങൾ എന്നിവ പ്രാപിക്കുവാനും ആത്മീകനിറവിലേക്ക് ഉയരാനും കഴിയുന്ന പ്രത്യേക സെഷനുകളും രോഗശാന്തി ശുശ്രൂഷയും ഉണ്ടായിരിക്കും. ക്രിസ്തുവിനെ വെളിപ്പെടുത്തുക, ജീവിതം യഥാസ്ഥാനപ്പെടുത്തുക, അത്ഭുത വിടുതൽ പ്രാപിക്കുക (**Revealing Christ, Restoring Lives, Releasing Miracles**) എന്നതാണ് വിഷൻ 2025 ന്റെ സന്ദേശം.

യുഎഇയിലെ സഭകളുടേയും വിശ്വസികളുടേയും ആത്മിക മുന്നേറ്റം ലക്ഷ്യമിട്ട് ഒരുക്കിയിരിക്കുന്ന ഈ മഹായോഗങ്ങളുടെ സുഗമമായ നടത്തിപ്പിന് വിപുലമായ ടീം പ്രവർത്തിക്കുന്നതായി പാസ്റ്റർ നിഷാന്ത് എം. ജോർജ് അറിയിച്ചു. വിവിധ എമിറേറ്റ്സിൽ നിന്നും വാഹന സൗകര്യവും ഉണ്ടായിരിക്കും. 2025 മാർച്ച്6 വ്യാഴാഴ്ച രാത്രിയോഗത്തോടെ വിഷൻ 2025 മെഗാ ക്രൂസേഡ് സമാപിക്കും.

EDITORIAL Board

## പത്രാധിപസമിതി

രക്ഷാധികാരികൾ
**ഡോ. കെ. ഓ മാത്യു**
**ബ്രദർ റോബിൻ കീച്ചേരി**
**ബ്രദർ വിൽസൺ ജോർജ്ജ്**

ചീഫ് എഡിറ്റർ
**പാസ്റ്റർ സുനീഷ് ജോൺസൺ**

മാനേജിംഗ് എഡിറ്റർ
**പാസ്റ്റർ അനിൽ ആയൂർ**



ഗിൽഗാൽ വോയ്സ്

പരസ്യ താരീഫ്

| | | |
|---|---|---|
| ഫ്രണ്ട് ഹാഫ് പേജ് | : | 350 AED |
| ഫ്രണ്ട് ക്വാർട്ടർ പേജ് | : | 250 AED |
| ബാക്ക് ഫുൾ പേജ് | : | 350 AED |
| ബാക്ക് ഹാഫ് പേജ് | : | 250 AED |
| ബാക്ക് ക്വാർട്ടർ പേജ് | : | 150 AED |
| ഇൻ സൈഡ് ഫുൾ പേജ് | : | 300 AED |
| ഇൻ സൈഡ് ഹാഫ് പേജ് | : | 200 AED |
| ഇൻ സൈഡ് ക്വാർട്ടർ പേജ് | : | 100 AED |
| മട്രിമോണിയൽ | : | 50 AED |

(പരസ്യം വാർത്താ പ്രാധാന്യമുള്ളതാണെങ്കിൽ, പരസ്യത്തിനൊപ്പം ഫ്രീ ആയി വാർത്തയും പ്രസിദ്ധീകരിക്കും)


# EDITORIAL



**പാസ്റ്റർ സുനീഷ് ജോൺസൻ**

പുതുവത്സരം ഓരോരുത്തരുടെയും ഹൃദയത്തിൽ ഒരു പുതുജീവിതത്തിന്റെ പ്രതീക്ഷ നൽകുന്ന കാലമാണ്. കഴിഞ്ഞ വർഷത്തിലെ നഷ്ടങ്ങളും പരാജയങ്ങളും മറന്ന് പുതിയൊരു തുടക്കത്തിന് തയ്യാറാവാൻ ദൈവം ഓരോരുത്തർക്കും അവസരം തരുന്നു. യേശുക്രിസ്തുവിൽ വിശ്വാസം വെച്ചാൽ, ഏറ്റവും തകർന്ന നിലയിൽ നിന്നു പോലും നാം ഉയിർത്തെഴുന്നേൽക്കും. കാരണം യേശു മരണത്തിൽ നിന്നും തിരികെ വന്ന വ്യക്തിയാണ്.

ജീവിതത്തിലെ പരാജയങ്ങൾ പലപ്പോഴും കടുത്ത നിരാശയിലേക്കു നയിക്കും, എന്നാൽ ക്രിസ്തുവിന്റെ സാന്നിധ്യം എല്ലായ്പ്പോഴും നമ്മെ ഉയർത്തിനിർത്തുന്ന ശക്തിയാണ്. ബൈബിൾ നമ്മെ ഓർമ്മപ്പെടുത്തുന്നു: 'മുമ്പുള്ളവയെ നിങ്ങൾ ഓർക്കേണ്ടാ; പണ്ടുള്ളവയെ നിരൂപിക്കയും വേണ്ടാ. ഇതാ, ഞാൻ പുതിയതൊന്നു ചെയ്യുന്നു; അത് ഇപ്പോൾ ഉദ്ഭവിക്കും;'(യെശയ്യാ 43:18). ദൈവം മരുഭൂമിയിൽപോലും വഴിയൊരുക്കുന്നവനാണ്. അതിനാൽ നഷ്ടങ്ങളിലോ പരാജയങ്ങളിലോ ജീവിക്കാൻ നമുക്ക് അവകാശമില്ല.

യേശുവിൽ നിലകൊള്ളുന്ന ഓരോരുത്തർക്കും ദൈവം ഒരു പുതിയ വഴി തുറക്കുന്നു."നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ." (യോഹന്നാൻ 14:1) എന്ന വചനത്തിലൂടെ നമ്മുടെ മനസ്സിനെ ദൈവത്തിൽ ദൃഢമാക്കാം. കഴിഞ്ഞ വർഷത്തെ ദു:ഖങ്ങളെ മറന്ന് പുതുവത്സരത്തിലെ ഓരോ ദിവസവും ദൈവത്തിലേക്ക് സമർപ്പിക്കുമ്പോൾ, ഒരു പുതിയ ദിശയിലേക്കുള്ള ദൈവത്തിന്റെ കരുതൽ അനുഭവപ്പെടും.

പരാജയങ്ങളിൽ നിന്ന് ഉണർന്നു ഉയർന്നു വരാനുള്ള ശേഷി യേശുവിൽ നിന്നാണ് നമുക്ക് പ്രാപ്തമാകുന്നത്. പരാജയം അവസാനമല്ല, അത് ഒരു പുതിയ തുടക്കത്തിന്റെ വാതിൽപ്പടി മാത്രമാണ്. ക്രിസ്തുവിൽ, ചില പാളിച്ച പോലും നമുക്ക് നല്ലതിലേക്ക് പ്രവർത്തിക്കാനുള്ള അവസരമായി ദൈവം മാറ്റും. 'ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും' എന്ന് യേശു വാഗ്ദാനം ചെയ്യുന്നുവല്ലോ. അത് വിശ്വസിക്കുകയും, അവിടുത്തെ കരങ്ങളിൽ എല്ലാം സമർപ്പിക്കുകയും ചെയ്യുമ്പോൾ പുതിയ പ്രതീക്ഷയുടെ പാതയിൽ മുന്നോട്ടു പോകുവാൻ നമുക്ക് കഴിയും. 'എല്ലാം നഷ്ടപ്പെട്ടിട്ടും വീണ്ടും നിങ്ങൾക്ക് എന്തെങ്കിലും ചെയ്യുവാൻ തോന്നുന്നുവെങ്കിൽ നിങ്ങൾക്ക് ഒന്നും നഷ്ടപ്പെട്ടിട്ടില്ല' എന്നാണ് മഹത് വചനം.

ഈ പുതുവത്സരത്തിൽ നഷ്ടങ്ങളെ മറന്ന്, ദൈവത്തിൽ വിശ്വാസം വെച്ച് ഉണർന്നു പ്രവർത്തിക്കുക. തന്റെ സ്നേഹം നൽകാൻ തയാറായ ദൈവം, നമ്മെ ഒരിക്കലും വിട്ടുമാറില്ല. 'യഹോവയിൽ തന്നെ രസിച്ചുകൊൾക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും. നിന്റെ വഴി യഹോവയെ ഭരമേല്പിക്ക; അവനിൽ തന്നെ ആശ്രയിക്ക; അവൻ അതു നിർവ്വഹിക്കും.'(സങ്കീർത്തനങ്ങൾ 37:4,5). ഓരോ ദിവസവും യേശുവിൽ ആരംഭിക്കുകയും, കഴിഞ്ഞ നിമിഷങ്ങളിലെ പരാജയങ്ങൾ ജീവിതപാഠങ്ങളായി കാണുകയും ചെയ്യുക.

പുതുവത്സരത്തിലെ ഓരോ ദിവസവും ദൈവത്തിന്റെ കൈകളിൽ സമർപ്പിച്ച് വിജയകരമായ ജീവിതത്തിലേക്കുള്ള യാത്ര തുടങ്ങട്ടെ. എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി മാറ്റാനും, മറ്റുള്ളവരെ സ്നേഹത്താൽ സ്വാധീനിക്കാനും നമുക്ക് കഴിയട്ടെ. 2025 നവീകരണത്തിന്റെയും സമാധാനത്തിന്റെയും, പുതുതുടക്കങ്ങളുടെയും വർഷമാവട്ടെ. നവവത്സര ആശംസകൾ...

# വീസ നിയമം കർശനമാക്കി ഇറ്റലി

റോം: ഇറ്റാലിയൻ ദേശീയ വീസകൾക്കുള്ള അപേക്ഷകർ ബയോമെട്രിക് ഡേറ്റയ്ക്കൊപ്പം വിരലടയാളം കൂടി നൽകണമെന്ന നിയമം ജനുവരി 11 മുതൽ പ്രാബല്യത്തിൽ വന്നു. തൊഴിൽ, പഠനം തുടങ്ങിയ ദീർഘ കാല വീസകൾക്കും നിയമം ബാധകം. പുതിയ നിയമം സുരക്ഷ മെച്ചപ്പെടുത്തുമെങ്കിലും യാത്രാ ചെലവ് വർധിപ്പിക്കുമെന്നും നടപടി ക്രമങ്ങൾക്ക് കാലതാമസം വരുത്തുമെന്നും അനൗദ്യോഗിക വൃത്തങ്ങൾ വ്യക്തമാക്കുന്നു.




# വലയുന്ന നീതിമാന്മാർ



**വിജി ജോസ് ബാംഗ്ലൂർ**

വലയുക എന്നത് ഒരു വ്യക്തിയെ സംബന്ധിച്ച് എങ്ങും എങ്ങും എത്താതെ ക്ഷീണിക്കുന്ന/കുഴങ്ങുന്ന ഒരവസ്ഥയാണ്.

തിരുവചനം നാം ശ്രദ്ധിക്കുമ്പോൾ പഴയ നിയമത്തിലെ ഒരു വ്യക്തിയെ ചൂണ്ടിക്കാണിച്ചാണ് വിശുദ്ധനായ പത്രോസ് അപ്പൊസ്തലൻ പറയു ന്നത് വലഞ്ഞു പോയ നീതിമാനായ ലോത്ത് (2 പത്രോ 2:8). ലോത്ത് ജീവിച്ചത് സോദോം ഗോമോറാ എന്ന പട്ടണക്കാരുടെ നടുവിലായിരുന്നു. അവിടുത്തെ ജനത്തെ കുറിച്ച് പറയുന്നത് സോദോം നിവാസികൾ ദുഷ്ടന്മാരും, യഹോവയു ടെ മുമ്പാകെ മഹാ പാപികളും ആയിരുന്നു. ഉല്പത്തി 13:13, ഭക്തികെട്ടു നടക്കുന്നവരും, അധർമ്മികളും ആയിരുന്നു വെന്നാണ് 2 പത്രോ: 2:6 ൽ പറയുന്നത്. അവരുടെ നടുവിൽ വസിച്ചപ്പോൾ ലോത്ത് എന്ന വ്യക്തി അധർമ്മം ചെയ്തതായിട്ടോ, ഭക്തി വിരുദ്ധമായി ജീവിച്ചതായിട്ടോ നാം വചനത്തിൽ വായിക്കുന്നില്ല. അതിന് കാരണം ലോത്ത് ഹാരാനിൽ നിന്ന് പുറപ്പെട്ടത് ഭക്തനായ തന്റെ പിതൃസഹോദരനോടൊപ്പമായിരുന്നു. അബ്രഹാം ദൈവത്തെ സ്നേഹിച്ചതും, ബഹുമാനിച്ചതും, ആരാധിച്ചതും ലോത്ത് കണ്ടാണ് വളർന്നത്. പക്ഷെ ലോത്ത് ദൈവത്തെ ആരാധിച്ചതായി വചനത്തിൽ കാണുന്നില്ല. ഉൽ: 19 ന്റെ 1 ൽ നമസ്ക്കരിക്കുന്നതായി കാണുന്നു. നമസ്ക്കാരം വേറെ, ആരാധന എന്നത് മറ്റൊരു അർത്ഥമാണ്. നമ്മെ തന്നെയും നമുക്കുള്ളതും പൂർണ്ണമായി ദൈവത്തിന് അർപ്പിക്കുന്നതാണ് ആരാധന.

ഇന്ന് ഈ പുതിയ നിയമ കാലഘട്ടത്തിൽ നമ്മിൽ പലരും ലോത്തിനെപ്പോലെയല്ലേ. നമ്മുടെ സഭകളിൽ ദുരുപദേശങ്ങൾ, കള്ള പ്രവചനങ്ങൾ ഒക്കെ നടത്തി കർത്താവിനായ് വിളിച്ച് വേർതിരിയപ്പെട്ടവരെപ്പോലും വഴി തെറ്റിക്കുന്ന ഒരു സമൂഹത്തിന്റെ നടുവിൽ നാം ഓരോരുത്തരും വസിക്കയല്ലേ. ഇന്നത്തെ മിക്ക പെന്തക്കോസ്തു സഭകളിലും തർജനം ഇല്ല, ശരിയായ ഉപദേശം ഇല്ല. സഭയിൽ പാപം ചെയ്തിട്ട് ഒരു വ്യക്തി വന്നാൽ ആ വ്യക്തിയെ തിരുത്തി നേർവഴിയിൽ കൊണ്ടുവരുവാൻ കൂട്ടു സഹോദരങ്ങൾക്ക് മനസ്സില്ലാത്ത കാലം. ഒരർത്ഥത്തിൽ നാം ഈ സാഹചര്യങ്ങളിൽ ദൈവത്തോടും ആ വ്യക്തിയോടും ചെയ്യുന്ന ഒരു വഞ്ചനയല്ലേ! ജഡത്താൽ കറപിടിച്ച അങ്കി പോലും പകച്ചു കൊണ്ട് ചിലർക്ക് ഭയത്തോടെ കരുണ കാണിപ്പിൻ (യൂദ:23) എന്നുള്ള വചനം നമ്മിൽ നിന്ന് മാഞ്ഞു പോയോ! ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടു പോയെങ്കിൽ ആത്മീകരായ നിങ്ങൾ അങ്ങനെയുള്ളവരെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തണമെന്ന് പരിശുദ്ധാത്മ നിയോഗത്താൽ ഗലാത്യ സഭയ്ക്ക് എഴുതിയത് പുതിയ നിയമ വിശ്വാസി പാടെ മറന്നോ.

ഇരുട്ടിന്റ നിഷ്ഫല പ്രവർത്തികളെ ആ കാലത്ത് ലോത്ത് നീതിമാനായിരുന്നിട്ടും ശാസി ക്കാൻ കഴിയാതെ വന്നതിനാൽ അന്ന് ഉണ്ടായിരുന്ന മനുഷ്യർക്ക് സകലത്തെയും കുറിച്ച് വെളിപ്പാടിനാൽ ബോധം വരുവാൻ കഴിഞ്ഞില്ല. സങ്കീർത്തനം പറയുന്നത് നീതിമാൻ ശാസിക്കുന്നത് എന്റെ തലയ്ക്ക് എണ്ണയാണെന്നാണ്. (സങ്കീർ : 141: 5) നിന്റെ തലയിൽ എണ്ണ കുറയാതിരിക്കട്ടെ എന്ന് ശലോമോൻ താൻ രചിച്ച സഭാപ്രസംഗി 9:8ൽ പറയുന്നു. എണ്ണ പരിശുദ്ധാത്മാവിനെ കാണിക്കുന്നു എന്ന് നാം എല്ലാവരും മനസ്സിലാക്കിയിരിക്കുന്ന ഒരു കാര്യമാണ്. ശൂന്യതയിൽ നിന്ന് ദൈവം എല്ലാം ഉളവാക്കുമ്പോൾ ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന് മീതെ പരിവർത്തിച്ചു കൊണ്ടിരുന്നു. ഉൽ. 1:2 നമ്മുടെ അനുദിന ജീവിതത്തിൽ വീണ്ടും ജനനം പ്രാപിച്ച നാം പരിശുദ്ധത്മാവിന് പരിവർത്തിക്കുവാൻ അനുവദിക്കണം. പരിശുദ്ധാത്മ നിറമുള്ള നീതിമാന്മാർ നമ്മുടെ ഇടയിൽ ഉണ്ടെങ്കിൽ തെറ്റുകൾ കണ്ട് ശാസിക്കണം. ഇല്ലെങ്കിൽ നാമും ലോത്തിനെപ്പോലെ വലയുന്ന നീതിമാനായ വിശ്വാസിയായി തീരും. അബ്രഹാം ഇടിവിൽ നിന്നതിനാൽ ലോത്ത് കഷ്ടിച്ച് രക്ഷപ്പെട്ടു. നമ്മുക്ക് ചിന്തിക്കാം നാം ലോത്തിന്റെ ഗണത്തിലോ അതോ അബ്രഹാമിനെ പോലെയോ.

# സഞ്ചാരികൾക്ക് പുതിയ അനുഭവം നൽകാൻ ഖത്തർ എയർവേയ്സ്




ദോഹ: ഇൻസ്റ്റഗ്രാമിലുള്ളവർക്ക് കൂട്ടായി ഇനി 'സാമ'യും. ഖത്തർ എയർവേയ്സിന്റെ ഡിജിറ്റൽ ഹ്യൂമൻ കാബിൻ ക്രൂ ആണ് സാമ. ഉപഭോക്താക്കൾക്ക് യാത്രകൾ ആ സ്വാദ്യകരമാക്കാനുള്ള നുറുങ്ങുകൾ മുതൽ കാബിൻ ക്രൂ ജീവിതത്തെക്കുറിച്ചു വരെ സാമ പങ്കുവെയ്ക്കും. ലോകത്തിലെ ആദ്യത്തെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) നിർമിത ഡിജിറ്റൽ ഹ്യൂമൻ കാബിൻ ക്രൂ എന്ന പേരും ഇനി സാമയ്ക്ക് സ്വന്തമാകും.

# ജപ്പാനെ പിടിച്ചു കുലുക്കി വൻ ഭൂകമ്പം; സുനാമി മുന്നറിയിപ്പ്




ടോക്കിയോ: ജപ്പാനിലെ ക്യൂഷു മേഖലയിൽ റിക്ടർ സ്കെയിലിൽ 6.9 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം റിപ്പോർട്ട് ചെയ്തു. ഹ്യൂഗ-നാഡ കടലിലാണ് ഭൂകമ്പം റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്ന് ജപ്പാനിലെ ഭൂകമ്പ നിരീക്ഷണ ഏജൻസി സ്ഥിതീകരിച്ചു. നാശനഷ്ടങ്ങളോ ആളപായമോ റിപ്പോർട്ട് ചെയ്തിട്ടില്ല. പലയിടങ്ങളിലും സുനാമി മുന്നറിയിപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

# കുവൈത്തിൽ ജനുവരി 30-ന് സർക്കാർ സ്ഥാപനങ്ങൾക്ക് അവധി

കുവൈത്ത് സിറ്റി: ഇസ്റാസ്, മിഅ്റാജ് പ്രമാണിച്ച് ജനുവരി 30-ന് സർക്കാർ സ്ഥാപനങ്ങൾക്ക് കുവൈത്ത് മന്ത്രിസഭ അവധി പ്രഖ്യാപിച്ചു. വാർഷിക ദിനമായ 27-ന് പകരമാണ് അവധി വ്യാഴാഴ്ചയിലേക്ക് മാറ്റിയത്. ഫെബ്രുവരി 2-ന് ഔദ്യോഗിക പ്രവർത്തനങ്ങൾ പുനരാരംഭിക്കും.



# സ്വത്വം തേടുന്ന ആത്മവ്യക്തി



ജെയ്സൺ പൈങ്ങനാൽ

ഭൗമഭൗതീകതയുടെ വ്യത്യസ്തതകളാൽ, ലിംഗ ഭേദങ്ങളുടെ വ്യത്യസ്തമായ ജനനങ്ങൾ നടക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. ഇത്തരത്തിൽ ലിംഗഭേദങ്ങളിൽ വ്യത്യസ്തരായി ജനിക്കുന്നവർക്ക് അവരുടേതായ വ്യക്തിത്വവും സാമൂഹിക പങ്കാളിത്തവും ഉറപ്പു വരുത്തുന്ന വിവിധ നിലയിലുള്ള പ്രചോദക സംഘടനകളും സംഘങ്ങളും കരുത്താർജ്ജിച്ചിരിക്കുന്ന ഒരു കാലത്തിന്റെ സവിശേഷമുഖം ഏതു സമൂഹത്തിലും നമുക്ക് വ്യക്തവും കൃത്യവുമായി മനസ്സിലാക്കാം. **LGBTQIA** സംഘങ്ങൾ വ്യക്തമായ സ്വാധീനം സമൂഹത്തിൽ വരുത്തിക്കഴിഞ്ഞിരിക്കുന്നു.

ഇത്തരം സാമൂഹികസംജാതസമസ്യകളിൽ, ക്രൈസ്തവാത്മീകതയുടെ ചിന്തനീയമായ ഒരു വിഷയം വിശദവീക്ഷണങ്ങൾക്ക് വിധേയപ്പെടുത്തേണ്ടുന്നതിന്റെ ആവശ്യകത വലുതാണ്. ക്രൈസ്തവാത്മീമകതയുടെ വിവിധ മുഖങ്ങൾ പ്രബലപ്പെട്ട ഈ കാലത്ത്, വ്യത്യസ്ത ആത്മീകവീക്ഷണങ്ങൾ യുവതലമുറയെ ഏറെ സ്വാധീനിച്ചിരിക്കുന്നു. അവയിൽ ഏറിയ പങ്കും യഥാർത്ഥ ആത്മീയ മൂല്യങ്ങളിൽ നിന്ന് ബഹുകാതം അകലെയെന്നു ഒരു യഥാർത്ഥ വചനാന്വേഷിക്ക് മനസിലാക്കുവാൻ കഴിയും. സത്യാത്മീകതയുടെ ഇടം കൃത്യമായി മനസിലാക്കാതെ, സ്വത്വം ബോധ്യമാക്കാൻ കഴിയാതെ, അലയുന്ന ആത്മവ്യക്തിത്വമായി യുവതലമുറ മാറിയിരിക്കുന്നു.

പാരമ്പര്യത്തിന്റെ പാരമ്യതകളിൽ വചനത്തിന്റെ പവിത്രവഴികൾ മറന്നുപോയ പഴയതലമുറയും ഇന്നിന്റെ ഇമ്പങ്ങളിൽ വചനസത്യങ്ങളെ വിഷലിപ്തമാക്കുന്ന നവീനതലമുറയും ആത്മീയതയുടെ സത്യവഴികൾ തേടുന്നവർക്ക് മുൻപിൽ വിലങ്ങുതടികൾ തീർക്കുന്നു. എന്താണ് യഥാർത്ഥ ആത്മീയത എന്ന് തിരിച്ചറിയാൻ കഴിയാതെ വ്യക്തിത്വം നഷ്ടപ്പെട്ടവരായി തീരുന്നവർ വർദ്ധിക്കുന്നു.

പ്രസ്തുതവിഷയം വചനാധിഷ്ഠിതപഠനങ്ങൾക്ക് വിധേയമാക്കുമ്പോൾ വചനവീക്ഷണം കൃത്യമായി ഗ്രഹിക്കുവാൻ കഴിയും. യേശുക്രിസ്തുവിലൂടെ വിശ്വാസത്തിന്റെ പൂർണ്ണത പ്രാപിക്കുന്ന പ്രക്രിയ നിമിത്തം സകല വിധത്തിലും ഉള്ള വ്യത്യസ്തതകൾ മാറുന്നുവെന്നും സകലരും വർണ്ണ, വർഗ്ഗ, ലിംഗ വ്യതിയാനങ്ങളിൽ നിന്നും ക്രിസ്തു ശരീരമായി ഭവിക്കുന്നു എന്നതും വചനം വ്യക്തമാക്കുന്നു (ഗലാത്യർ 3:26-28). ക്രിസ്തുയേശുവിലൂടെ ലഭ്യമാകുന്ന പുതു മനുഷ്യധാരണപദ്ധതിയിൽ യഹൂദനെന്നോ യവനനെന്നോ പരിച്ഛേദനക്കാരനെന്നോ അഗ്രചർമ്മിയെന്നോ ബർബരനെന്നോ ശകനെന്നോ ദാസനെന്നോ സ്വതന്ത്രനെന്നോ വ്യത്യാസങ്ങൾ ഇല്ലാതെ സകലരും കർത്താവിൽ പൂർണ്ണരാകുന്നുവെന്ന് വചനം അനുശാസിക്കുന്നു (**Colo** 3:10-11). ആത്മസ്നാനത്തിലൂടെ, വ്യതരിക്തതകളില്ലാത്ത ഏകശരീരപ്രാപ്തിയിൽ യാതൊരു വിധഭേദങ്ങളും വിലങ്ങുകളാകുന്നില്ല ( 1 കോരി 12:13).

അങ്ങനെ ഏകശരീരപ്രാപ്തി എന്ന മാർമ്മീകസത്യത്തിന്റെ ദർശനത്തിലൂടെ ഒരാൾ ക്രിസ്തുവിന്റെ ശരീരമെന്ന സഭയിൽ അംഗമാകുമ്പോൾ, വ്യത്യസ്തമായ കൃപാവരവ്യാപാരത്തിലൂടെ അവനിലെ ആത്മ വ്യക്തിത്വത്തിന്റെ പൂർണ്ണതയിലേക്കാണ് പരിശുദ്ധാത്മാവ് അവനെ നയിക്കുന്നത്. ആത്മ, ഭൗതിക വ്യക്തിത്വ സംരക്ഷണത്തിലും വീക്ഷണത്തിലും ദൈവം അവരവരുടേതായ സ്വാതന്ത്ര്യം നൽകിയിട്ടുണ്ടന്നും അതിൽ ആത്മനിയന്ത്രണത്തോടെ തുടരാം എന്നും പൗലോസ് നിർദ്ദേശം നൽകുന്നുണ്ട് ( 1 കോരി 7:7).

ഒന്ന് കൊരിന്ത്യർ പന്ത്രണ്ടാം അധ്യായത്തിന്റെ വിശദ വിശകലനത്തിൽ നിന്ന് നമുക്ക് ഗ്രാഹ്യമാകുന്നത്, പരിശുദ്ധത്മാവിന്റെ കൃപാവരങ്ങൾ വ്യക്തികളിൽ നല്കിയിരിക്കുന്നത് അവനെ വ്യക്തിത്വ വീക്ഷണമുള്ളവനാക്കി മാറ്റുന്നതിനും സഭയിൽ താൻ ആരാണ് എന്നുള്ള ചോദ്യത്തിന് വ്യക്തമായ മറുപടി നൽകി, ക്രിസ്തു ശരീരത്തിന്റെ ഭാഗവാക്കായി, സ്വത്വം തിരിച്ചറിഞ്ഞ ആത്മവ്യക്തിയാക്കി നിർത്തുക എന്നതിനുമാണ്.

നാം ദൈവത്തിന്റെ ആത്മാവ് വസിക്കുന്ന ദൈവമന്ദിരമാണ് ( 1 കോരി 3:16) എന്ന ഒറ്റ പ്രസ്താവനയിൽ തന്നെ ഒരാളിലെ ആത്മവ്യക്തിത്വത്തിന്റെ കൃത്യചിത്രമാണ് വെളിവാകുന്നത്. ആ അറിവിന്റെ പൂർണതയിലേക്ക് അവനെ എത്തിക്കുക എന്ന ലക്ഷ്യമാണ് സഭ എന്ന ഗുരുകുലത്തിനുള്ളത്. പകരം വയ്ക്കാൻ ആരുമില്ലാത്ത വിധം താനും സഭ എന്ന ശരീരത്തിന്റെ അനന്യ അംഗമാണെന്ന തിരിച്ചറിവ് അവനെ കൂടുതൽ ആത്മബോധമുള്ളവനാക്കി തീർക്കും. ജനനത്താൽ അകാലപ്രജയായിരുന്ന പൗലോസിനെ ആത്മലോകത്തിന്റെ അതികായനാക്കി മാറ്റിയ ആത്മപ്രചോദനങ്ങൾ ലഭ്യമായത് പോലെ ഇന്നിന്റെ തലമുറയ്ക്കും ആത്മബോധങ്ങളുടെ ബോധനങ്ങൾ പ്രാപ്യമാകേണം. അതിനായി ഇന്നിന്റെ അനന്യാസുമാരും ബർന്നബാസുമാരും ഉത്തരവാദിത്വം ഏറ്റെടുക്കണം.

ശൈശവാവസ്ഥയിൽ നിന്ന് ഒരു കുഞ്ഞു വളർന്നു പൂർണ്ണവ്യക്തിത്വത്തിലേക്ക് എത്തുവാൻ ആവശ്യമായ ആഹാരപോഷകങ്ങളും ബൗദ്ധീകവീക്ഷണങ്ങളും കൊടുക്കുന്നത് പോലെ വചനാനുസൃതമായ വളർച്ചക്കായി വ്യക്തമായ ആത്മപോഷകാഹാരം നൽകേണ്ടുന്ന ഉത്തരവാദിത്തം സഭ ഏറ്റെടുക്കണം. നശിച്ചു പോകുന്ന ആഹാരത്തിനായിട്ടല്ല നിത്യജീവന്റെ ആഹാരത്തിനായി തന്നെ വാഞ്ചിക്കുന്ന നിലയിൽ തലമുറകളെ സ്വാധീനിക്കണം (യോഹന്നാൻ 6:27). ഏതു മനുഷ്യനെയും ക്രിസ്തു വിൽ തികഞ്ഞവനാക്കുക (കൊലോസ്യർ 1:28)എന്ന ഉത്തരവാദിത്തം മറന്നുകളയാതെ സൂക്ഷിക്കു ക.ആത്മീയത ഉപരിപ്ലവമായതോ അധരചർവ്വണമോ അല്ല എന്നും അകമനുഷ്യന്റെ വളർച്ചയുടെ ആകെത്തുകയാണെന്നും ഈ തലമുറയെ ബോധ്യമാക്കിയില്ലെങ്കിൽ ഇതരമതാശയങ്ങളുടെ വക്താക്കളായി ക്രൈസ്തവതലമുറ അധഃപതിക്കും എന്നതിൽ തർക്കമില്ല. സഭാസംഘടനയിൽ ഒരുവന്റെ ആളത്വം ഉറപ്പിക്കുക എന്നതാകരുത്, ആത്മീയവ്യക്തി എന്ന നിലയിൽ അവന്റെ കാഴ്ചപ്പാടുകൾ ഉറപ്പിച്ചു നൽകുക എന്നതാവണം നമ്മുടെ ലക്ഷ്യം.

ആത്മീയതയുടെ സ്വത്വം തേടുന്നവർക്ക് ക്രിസ്തുദർശനവും ഉൾക്കാഴ്ചകളും ഉള്ളിൽ വിതറുന്ന കർമ്മപരിപാടികൾ ക്രമീകരിക്കുക. ആ കർമ്മപഥങ്ങളിൽ പരിശുദ്ധാത്മാവിന്റെ കൃത്യമായ ഇടപെടലുകൾ സംഭവിക്കട്ടെ. ക്രിസ്തുവിലുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളാകാത്ത യുവചേതസ്സ് സഭയുടെ അലങ്കാരമായി മാറട്ടെ. നിർമ്മലതയുള്ള മഞ്ഞുകണങ്ങൾ പോലെ യുവാക്കൾ ആത്മീയതയുടെ അമരക്കാർ ആകട്ടെ. അത് വരും കാലത്തിന്റെ ക്രൈസ്തവാത്മീകതയുടെ മുഖമുദ്രയായി തീരും. സ്വത്വത്തിന്റെ വ്യക്തതയുള്ള ആത്മവ്യക്തികളായി ഇനി ഒരു സമൂഹം ഉയരും. അതിനു വേണ്ടിയാകട്ടെ ഇനിയുള്ള പ്രയത്നമത്രയും.

# ജീവന്റെ താഴ്‌വര



സ്വർഗ്ഗ കുര്യൻ

സ്കൂൾ ബെൽ അവന് മരണമണിപ്പോലെ തോന്നി, തന്റെ ജീവിതത്തില അവസാനമണി അവൻ ഉറച്ചു. പൈൻമരങ്ങളുടെ നടുവിൽ തലയെടുപ്പോടെ നിന്ന, ആ സ്കൂൾ കെട്ടിടത്തിൽ ഒളിക്കാൻ ബുദ്ധിമുട്ടില്ലായിരുന്നു. എന്നാൽ ക്യാമറകണ്ണുകൾ തന്നെ പതിയാതെ ശ്രദ്ധിച്ചു നടന്നു. വലിയൊരു കുന്നിൽ മുകളിലായിരുന്നു, ആധുനികത തുളുമ്പുന്ന ആ സ്കൂൾ. ബ്രിട്ടീഷുകാരുടെ കാലത്തു തുടങ്ങിയതാണിത്. അതിനെ കാലഗതിയനുസരിച്ച് മാറ്റങ്ങൾ വരുത്തി, സ്കൂളും മൈതാനവും കഴിഞ്ഞാൽ ഒരരികത്തായി, ബ്രിട്ടീഷു കാരുടെ മികവുള്ള ഒരു ചാപ്പൽ അതിനടുത്തായി സെമിത്തേരി. അവൻ അവിടേക്ക് പതിയെ നടന്നു. ആ പ്രദേശത്തുള്ള ഭീകരത നിറഞ്ഞ നിശബ്ദതയെ അവിടെ നിൽക്കുന്ന പൈൻ മരത്തിൽ തട്ടുന്ന കാറ്റ് അവിടമാകെ ഭീകരമാക്കി. പലപ്പോഴും ടീച്ചർമാർക്കൊപ്പം മാത്രമേ ഇവിടേക്ക് പ്രവേശനമുള്ളു. തലമുറ തലമുറയായി ഇവിടത്തെ കുട്ടികൾ ഇവിടത്തെകുറിച്ച് പല കഥകളും പ്രചരിപ്പിക്കാറുണ്ട്. അതിൽ കൂടുതൽ പേരും വിശ്വസിക്കുന്നത് ഇതാണ്, ഇവിടത്തെ കുന്നിൻ ചരിവിലുള്ള വലിയൊരു ഫാക്ടറിയുടെ ജനറലായിരുന്ന സായിപ്പിന്റെ ഭാര്യയെയാണ് ഈ സെമിത്തേ രിയിൽ ആദ്യം വച്ചത്. അയാൾ മദാമ്മയെ കൊന്നതാണെന്നും, പിന്നീട് ആ സ്ത്രീയുടെ പ്രേതം അയാളെ കൊന്നെന്നുമാണ് സംസാരം. ചാപ്പലിൽ ശനിയും, ഞായറുമാണ് സർവ്വീസ് അതുകഴിഞ്ഞാൽ, ഇടക്ക് വാച്ചറും പണിക്കാരും, ഫ്രീ പിരീഡിൽ ടീച്ചർക്കൊപ്പം കുട്ടികൾ വരുന്നതൊഴിച്ചാൽ അവിടെ പൈൻ മരത്തിലടി ക്കുന്ന കാറ്റിന്റെ ശിൽക്കാര ശബ്ദങ്ങൾ മാത്രം. ആ സ്ഥലത്താണ്, ഞാൻ തനിയെ..... തിരികെ പോകണമോ, വേണ്ട, വേണ്ട, അവൻ മനസ്സിനെ അടക്കി, ഭീതി അല്പാല്പമായി അവനെ വിഴുങ്ങിയിട്ടും, അവൻ വിറയാർന്ന കാലുകളോടെ അവിടേക്ക് നടന്നു. വീട്ടിൽ ലാളന ഏറിയതു കൊണ്ടാണ് ഇവൻ ഇങ്ങനെയെന്ന് ബന്ധുക്കളുടെ ഭാഷ്യം. വിഷമം എന്തെന്നറിഞ്ഞിട്ടില്ല, അതാണ് അപ്പനമ്മയുടെ കുറ്റപ്പെടുത്തലുകൾ.. ദൈവഭക്തിയുള്ള കുടുംബത്തിൽ ജനിച്ചുവളർന്ന്, അനിയത്തി, അവൾ ഇപ്പോഴും അവരുടെ അനുസരണ പുത്രി. ഞാനും ചെറുപ്പത്തിലെ നല്ല കുട്ടിയായിരുന്നു, പിന്നെ എപ്പോഴൊ........? അവൻ നെടുവീർപ്പിട്ടു. ബുദ്ധി എനിക്കാണെങ്കിലും, പഠിക്കാൻ മിടുക്കി അനുജത്തി ആയിരുന്നു. അതിനാൽ വീട്ടിലെ ഫസ്റ്റും അവളായിരുന്നു. പലപ്പോഴും കൊല്ലാനുള്ള അരിശമാണ് അവളെ. സ്കൂളിൽ എന്നും വഴക്ക്, മാർക്ക് കുറവിൽ ക്ലാസിന് പുറത്ത്, ടീച്ചർമാർക്കെതിരെയുള്ള ഗ്രൂപ്പിൽ, പ്ലസ്ടു ആയപ്പോഴേക്കും ലിസ്റ്റ് നീണ്ടു. വീട്ടുക്കാരോടുള്ള അടുപ്പം കുറഞ്ഞ് കുറഞ്ഞ് വന്നു. വീട്ടിൽ ചെന്നാൽ മുറി അടച്ചിട്ട് ഒറ്റയ്ക്കിരിക്കും. എവിടേയും കുറ്റപ്പെടുത്തലുകളും ശല്യവും, സ്കൂളിൽ ചെന്നാൽ ടീച്ചർമാരുടെ വക, സ്കൂളിൽ എന്നെപോലുള്ളരു കൂട്ടുകാരാണ് എന്റെ ആശ്വാസം, ഞങ്ങളുടെ കൊള്ളരിതായ്മകൾ പര സ്പരം പ്രോത്സാഹിപ്പിച്ചു. ആരും കാണാതെ അവർ സിഗരറ്റും തരും, പിന്നെ സിനിമക്ക് പുറമെ കുറെ നാളുകളായി, മിഠായി, ഗുളിക അവ കഴിച്ചാൽ മറ്റൊരു ലോകത്താണ്. വേദനയില്ല, എന്തിനും പേടിയില്ലാത്ത അവസ്ഥ. നല്ലതല്ലെന്ന് മനസ് പലപ്പോഴും വിലക്കി, എങ്കിലും അത് കിട്ടാതെ ജീവിക്കാൻ കഴിയില്ലന്നായി. എനിക്ക് കിട്ടാൻ ഞാൻ അത് പല കുട്ടികൾക്കും വിൽക്കേണ്ടി വന്നു. ഒടുവിൽ ഞാൻ മാത്രം പിടിക്കപ്പെട്ടു. എല്ലാവരും കയ്യൊഴിഞ്ഞു, സ്കൂൾ പുറത്തറിയാതെ ഒതുക്കി തീർത്തു. അപ്പയുടെ കൈയ്യിൽ നിന്ന് വലിയ തുക ചിലവായി. ഇങ്ങനെ ഒരു മകൻ ജീവിക്കുന്നതിലും ഭേദം ചത്താൽ മതിയെന്ന് അപ്പ, ഇങ്ങനെയൊരു നശിച്ച ജന്മം എന്റെ വയറ്റിൽ....... അമ്മ മുഴുമിപ്പിക്കാതെ വിതുമ്പി. വേണ്ട ഈ ജീവിതം വേണ്ടാ അവൻ കൈയ്യിൽ കരുതിയ ബ്ലയ്ഡ് പുറത്തെടുത്തു. കണ്ണുകൾ മുറുകെയടച്ചു. രാത്രിയുടെ തണുപ്പ് കാലിൽ ഇരച്ചുകയറി. അവൻ ചുറ്റും നോക്കി സെമിത്തേരിയുടെ ഉള്ളിലെ കല്ലറകൾ തന്നെ മാടി വിളിക്കുന്നതു പോലെ തോന്നി. ഭീതിയോടെ എവിടെയൊ ചാരി മിഴി പൂട്ടി നിന്നു. ഈ കാറ്റിൽ ആരുടെയൊക്കെയൊ തേങ്ങൽ അലയടിച്ചു. സ്നേഹിച്ചു തീരും മുമ്പെ മരിച്ചുപോയ ഭാര്യാഭർത്താക്കന്മാർ, മക്കളുായിട്ടും അനാഥരായി മരിച്ച അപ്പനമ്മമാർ, വിടരും മുമ്പെ കൊഴിഞ്ഞുപോയ കുരുന്നുകൾ സ്വപ്നങ്ങൾ പാതി വഴിയിൽ ഉപേക്ഷിച്ചുപോയ കൗമാരക്കാർ, വഞ്ചനയുടെ മുമ്പിൽ, കടത്തിനു മുമ്പിൽ രോഗത്തിനു മുമ്പിൽ പരാജിതർ, അവരുടെ തേങ്ങലിന്റെ ശബ്ദം ചെവിയിൽ ആഞ്ഞടിച്ചു. ഞങ്ങളുടെ തെറ്റ് ആവർത്തിക്കരുത് ജീവിച്ച് ജയിക്കാ. ദൈവം തന്ന ജീവൻ എടുക്കുവാൻ നിനക്കവകാശമില്ല, ഒരു മൃദുസ്വരം അവനെ തഴുകി. അവന്റെ കാലിടറി, നിലത്തു വീണു. തന്റെ ശൈശവം, സന്തോഷത്തോടെ വാരിപുണർന്ന മാതാപിതാക്കൾ, സ്നേഹിക്കാൻ മാത്രം അറിയുന്ന കൊച്ചനുജത്തി നല്ല കൂട്ടുകാർ അവന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ധാര ധാരയായി ഒഴുകി. നിനക്ക് ഒരവസരം കൂടി തരുന്നു. ആ സ്വരത്തിന്റെ ഉടയ വൻ അവനെ തഴുകി. എത്രനേരം കഴിഞ്ഞു എന്നറിയില്ല. ആരൊക്കെയോ എടുത്തുകൊണ്ടുപോകുന്നു മരണമാണോ. അല്ല. എന്റെ അപ്പയുടെ തലോടൽ, അമ്മയുടെ തേങ്ങൽ, ടോർച്ചിന്റെ വെളിച്ചം മുഖത്ത് തട്ടുന്നു. അവരുടെ തിരുമ്മലിന്റെ ചൂടേറ്റ് കണ്ണുതുറന്നു. അപ്പാ. ഞാൻ ... അപ്പ എന്റെ വായ്പൊത്തി, കണ്ണുനീർ തുള്ളിയുടെ മിശ്രിതംകൊണ്ട് ആലിംഗനം ചെയ്തു. കാറിൽ അപ്പയുടെ നെഞ്ചിൽ ചാരി ഞാൻ കിടന്നു. എന്റെ കണ്ണുനീർ അപ്പയുടെ നെഞ്ചിലെ തീയെ അണക്കുന്നുണ്ടായിരുന്നു. പറയാതെ എന്തൊക്കെയൊ ഞാൻ അവരോട് പറഞ്ഞു. ദീർഘ ശ്വാസം അവരിൽ നിന്ന് ഉയർ ന്നു. ആകാശ ത്തിലെ നക്ഷത്രങ്ങൾ അതുകണ്ട് ചിരിച്ചപോലെ തോന്നി, ഞാൻ സമാധാനത്തോടെ അപ്പയുടെ മടിയിൽ ഉറങ്ങിവീഴുവാൻ തുടങ്ങി. ആരൊ പറയുന്നുണ്ടായിരുന്നു. താഴ്‌വാരം വരെ എത്തി. ഞാൻ പതുക്കെ പറഞ്ഞു, അതെ ജീവന്റെ താഴ്‌വാര.



## ഒമാൻ ദേശീയദിനം ഇനി മുതൽ നവംബർ 20-ന് ആഘോഷിക്കും

മസ്കത്ത്: ഒമാൻ ദേശീയ ദിനം ഇനി മുതൽ നവംബർ 20-ന് ആഘോഷിക്കുമെന്ന് സുൽത്താൻ ഹൈതം ബിൻ താരിക് പ്രഖ്യാപിച്ചു. സ്ഥാനാരോഹണ ദിനത്തിൽ രാജ്യത്തെ അഭിസംബോധന ചെയ്ത് സംസാരിക്കവെയാണ് ഈ ഔദ്യോഗിക പ്രഖ്യാപനം അദ്ദേഹം നടത്തിയത്.



## യുഎഇ വിപണിയിൽ നിന്ന് പെപ്പറോണി ബീഫ് പിൻവലിച്ചു

അബുദാബി: മനുഷ്യാരോഗ്യത്തിന് ഹാനികരമായ ലിസ്റ്റീരിയ മോണോസൈറ്റോജെനീസ് ബാക്ടീരിയയുടെ സാന്നിധ്യമുള്ളതായി സംശയിക്കുന്നതിനാൽ സംസ്കരിച്ച പെപ്പറോണി ബീഫ് യുഎഇ വിപണിയിൽ നിന്നും പിൻവലിച്ചു. ഹൈപ്പർ മാർക്കറ്റുകളിൽ നിന്നും ഭക്ഷ്യ സ്ഥാപനങ്ങളിൽ നിന്നും ഇവ നീക്കം ചെയ്യാൻ കർശന നിർദേശം നൽകി. ഈ ഉൽപന്നം കൈവശമുള്ള ഉപഭോക്താക്കളോട് അത് നശിപ്പിക്കാനും നിർദേശിച്ചിട്ടുണ്ട്. പരിസ്ഥിതി, കാലാവസ്ഥാവ്യതിയാന മന്ത്രാലയമാണ് ഇതുസംബന്ധിച്ച ഉത്തരവിറക്കിയത്.

## ദുബായിക്കും അബുദാബിക്കും പിന്നാലെ ഷാർജയിലും വാടകസൂചിക

ഷാർജ: വാടകയ്ക്ക് കടിഞ്ഞാണിടാനും വാടകക്കാരും കെട്ടിട ഉടമകളും തമ്മിലുള്ള തർക്കം കുറയ്ക്കാനും ലക്ഷ്യമിട്ട് ഷാർജയിൽ വാടക സൂചിക ഏർപ്പെടുത്താൻ ആലോചിക്കുന്നു. ഷാർജ റിയൽ എസ്റ്റേറ്റ് വകുപ്പുമായി സഹകരിച്ചാണ് വാടക സൂചിക പുറത്തിറക്കുക. ജനവാസപ്രദേശങ്ങളുടെ പ്രാധാന്യവും ജനസാന്ദ്രതയും വിപണി നിലവാരവും കണക്കാക്കി റെന്റൽ ഇൻഡക്സ് തയാറാക്കും. ഈ മാസം 22-ന് ഷാർജ എക്സ്പോ സെന്ററിൽ നടക്കുന്ന എക്സിബിഷനിൽ വാടക സൂചിക പുറത്തിറക്കാനാണ് പദ്ധതി. ഓരോ പ്രദേശത്തെയും വാടക നിലവാരം ജനങ്ങൾക്ക് കാണാവുന്ന വിധത്തിൽ റെന്റൽ ഇൻഡക്സ് തയാറാക്കുന്നതിനാൽ വാടകനിരക്കും പരാതികളുടെ എണ്ണവും കുറയുമെന്നാണ് കണക്കുകൂട്ടുന്നത്.

